# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:5499 06.07.2012 - ൽ മറുപടിക്ക്

## സുഗമമായ ജലവിതരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. വി. റ്റി. ബൽറാം<br>ശ്രീ.പി. എ. മാധവൻ | ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജലവിതരണം സുഗമമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; | (എ) ജലവിതരണം സുഗമമാക്കുന്നതിനായി പൈപ്പ് ലൈനുകളിലുണ്ടാകുന്ന ചോർച്ചകളും പമ്പുകൾക്കുണ്ടാകുന്ന തകരാറുകളും സമയ ബന്ധിതമായി പരിഹരിക്കുന്നു. തദ്ദേശ സ്ഥാപനങ്ങളുടെയും മറ്റു ഏജൻസികളുടെയും സഹായത്തോടെ കൂടുതൽ പൈപ്പ് ലൈനുകൾ ദീർഘിപ്പിക്കുകയും യഥാസമയം അറ്റകുറ്റ പണികൾ നടത്തിയും ജല വിതരണം സുഗമമാക്കി വരുന്നു. വാൽവ് ക്രമീകരിച്ച് എല്ലാ ഭാഗത്തേയ്ക്കുമുള്ള ജലവിതരണം കാര്യക്ഷമമാക്കാറുണ്ട്. വേനൽക്കാലങ്ങളിൽ അധിക ഷിഫ്റ്റ് പമ്പിംഗ് ഏർപ്പെടുത്തിയും കാലപ്പഴക്കം മൂലം കേടായ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കാറുണ്ട്. കൂടാതെ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ പഴയ പമ്പുസെറ്റുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| (ബി) **ഊർജ്ജലാഭം നൽകുന്ന തരത്തിലുള്ള പമ്പുകൾ സ്ഥാപിക്കുന്നതിനും പ്രധാന കേന്ദ്രങ്ങളിൽ സ്റ്റാൻഡ്ബൈ ആയി പമ്പുകൾ കരുതുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?** | (ബി) ഊർജ്ജലാഭം ലഭിക്കുന്നതിലേക്കായും പ്രധാന കേന്ദ്രങ്ങളിൽ സ്റ്റാൻഡ് ബൈ പമ്പുകൾ കരുതുന്നതിനും വിവിധ കുടിവെള്ള പദ്ധതികളിലെ 15 വർഷത്തിലേറെ പഴക്കമുള്ള പമ്പുസെറ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനു വേണ്ടി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ 34 കോടി രൂപയുടെ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. കൂടാതെ പഴക്കമുള്ള പമ്പു സെറ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനു വേണ്ടി ഒരു പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |

(signature)

സെക്ഷൻ ഓഫീസർ